# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2064 22.01.2014-ൽ മറുപടിയ്ക്ക്**

**നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങളുടെ നിരോധനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും പത്രങ്ങളോ പ്രസിദ്ധീകരണങ്ങളോ ആഭ്യന്തര വകുപ്പ് നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല. |
| ബി) ഏതെല്ലാം പുസ്തകശാലകളിലാണ് പോലീസ് റെയ്ഡ് നടത്തിയിട്ടുള്ളത് ; | (ബി) ചുവടെപ്പറയുന്ന 18 പുസ്തകശാല/പ്രസ്സ് എന്നിവിടങ്ങളിൽ പോലീസ് റെയ്ഡ് നടത്തിയിട്ടുണ്ട്. |

1. മലപ്പുറം ജില്ല

1. നിസ്സരി ബുക്ക് സ്റ്റാൾ, ചെട്ടിപ്പടി.
2. അൽ-അമീൻ ബുക്ക് സ്റ്റാൾ, പരപ്പനങ്ങാടി.
3. ഉത്തര ബുക്ക് സ്റ്റാൾ, പരപ്പനങ്ങാടി.
4. സഞ്ചാര ഗ്രന്ഥാലയം, താനൂർ.
5. റോയൽ ബുക്ക് സ്റ്റാൾ, താനൂർ.
6. ഐഡിയൽ ബുക്ക് സ്റ്റാൾ, താനൂർ.

2 .കോഴിക്കോട് ജില്ല

1. തിരൂരങ്ങാടി ബുക്ക് സ്റ്റാൾ, മാവൂർ റോഡ്, കോഴിക്കോട്.
2. നന്മ പബ്ലിക്കേഷൻസ്, കോർട്ട് റോഡ്, കോഴിക്കോട്.
3. വചനം ബുക്സ്, മാവൂർ റോഡ്, കോഴിക്കോട്.
4. ചന്തപ്പടി ബുക്ക് സ്റ്റാൾ, കോഴിക്കോട്.
5. ക്യാപ്പിറ്റൽ ഇന്റർനാഷണൽ ബുക്സ്.
6. പൂങ്കാവനം ബുക്ക് സ്റ്റാൾ, കോഴിക്കോട്.
7. ഇക്ബാൽ പ്രസ്സ്, കോഴിക്കോട്.

3. വയനാട്

1. എക്സ്പ്രസ് ഓഫ് സെറ്റ് പ്രസ്സ്, മാനന്തവാടി

4. കാസർഗോഡ്

1. മദീന ബുക്ക് സ്റ്റാൾ, ഉപ്പള.
2. റഹ്മാനിയ ബുക്ക് സ്റ്റാൾ, ഹൊസങ്കടി, കമ്പള.
3. മാസ്റ്റർ ബുക്ക് സ്റ്റാൾ, കമ്പള.
4. ഇൽബാൽ സ്റ്റോർ, കമ്പള.

| | |
|---|---|
| സി) നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങൾ പിടിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പുസ്തകങ്ങളാണെന്ന് വിശദമാക്കുമോ ; പ്രസിദ്ധീകരണശാലക്കെതിരെ കേസ് എടുത്തിട്ടുണ്ടോ ? | (സി) നിയമവിരുദ്ധമായ നോട്ടീസുകളും, രണ്ടു പുസ്തകങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.<br><br>വയനാട് ജില്ലയിലെ മാനന്തവാടി എക്സ്പ്രസ് ഓഫ് സെറ്റ് പ്രസ്സിൽ നിന്നും നിയമവിരുദ്ധമായ മാവോയിസ്റ്റ് അനുകൂല നോട്ടീസുകൾ പിടിച്ചെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മാനന്തവാടി പോലീസ് സ്റ്റേഷനിൽ Cr. No.178/2013 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിലെ നന്മ പബ്ലിക്കേഷൻസ്, കോർട്ട് റോഡ്, കോഴിക്കോട് എന്ന ബുക്ക് സ്റ്റാൾ റെയ്ഡ് നടത്തി മത സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ അടങ്ങിയ "ദ.അവത്തും ജിഹാദും " എന്ന ഉറുദു പുസ്തകത്തിന്റെ മലയാള പരിഭാഷാ പുസ്തകം പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട നടക്കാവ് പോലീസ് സ്റ്റേഷനിൽ Cr. No. 533/2013 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>വചനം ബുക്സ്, മാവൂർ റോഡ്, കോഴിക്കോട് എന്ന ബുക്ക് സ്റ്റാൾ റെയ്ഡ് നടത്തി മത സ്പർദ്ധ ഉണ്ടാക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ അടങ്ങിയ "വഴിയടയാളങ്ങൾ " എന്ന പുസ്തകം പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട നടക്കാവ് പോലീസ് സ്റ്റേഷനിൽ Cr. No. 697/2013 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ